പതിനാലാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.3741 20.06.2019 ൽ മറുപടിയ്ക്ക്

ചേലേമ്പ്ര പഞ്ചായത്തിലെ മാവേലിസ്റ്റോറുകൾ

ചോദ്യം
ശ്രീ.അബ്ദുൽ ഹമീദ് പി.

ഉത്തരം
ശ്രീ. പി. തിലോത്തമൻ
(ഭക്ഷ്യവും സിവിൽ സപ്ലൈസും
വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | ചേലേമ്പ്ര പഞ്ചായത്തിൽ ഇടിമുഴിക്കലിൽ നിലവിലുണ്ടായിരുന്ന മാവേലിസ്റ്റോർ പുല്ലിപ്പറമ്പിലേക്ക് മാറ്റിയത് ആരുടെ തീരുമാനപ്രകാരമാണ് എന്ന് വ്യക്തമാക്കാമോ; | (എ) | ചേലേമ്പ്ര പഞ്ചായത്തിൽ ഇടിമുഴിക്കലിൽ പ്രവർത്തിച്ചിരുന്ന മാവേലി സ്റ്റോറിന്റെ വാടക കരാർ കാലാവധി അവസാനിച്ചതിനെ തുടർന്ന് കെട്ടിട ഉടമ, ടിയാന് പ്രസ്തുത കെട്ടിടത്തിൽ സ്വന്തമായി വ്യവസായ സംരംഭം തുടങ്ങുന്നതിനുവേണ്ടി കെട്ടിടം ഒഴിഞ്ഞു കൊടുക്കുവാൻ ആവശ്യപ്പെടുകയും, വാടക കരാർ പുതുക്കുന്നതിന് വിസ്സമ്മതം അറിയിക്കുകയും ചെയ്തു. മാവേലി സ്റ്റോർ തുടർന്ന് പ്രവർത്തിപ്പിക്കുന്നതിനായി ഇടിമുഴിക്കലിൽ അനുയോജ്യമായ മറ്റ് കെട്ടിടങ്ങൾ ന്യായമായ വാടക നിരക്കിൽ ലഭ്യമല്ലാത്തതിനെ തുടർന്ന് പുല്ലിപ്പറമ്പിൽ കണ്ടെത്തിയ കെട്ടിടത്തിലേയ്ക്ക് മാവേലി സ്റ്റോർ മാറ്റുകയാണ് ചെയ്തത്. |
| (ബി) | ഗ്രാമപഞ്ചായത്ത് ഭരണസമിതി തീരുമാനിച്ച് ഇത്തരം ഒരു മാറ്റം ആവശ്യപ്പെട്ടിരുന്നുവോ; എങ്കിൽ തീരുമാനത്തിന്റെ പകർപ്പ് ലഭ്യമാക്കാമോ; | (ബി) | മാവേലി സ്റ്റോർ മാറ്റണമെന്ന് ഗ്രാമപഞ്ചായത്ത് തീരുമാനിച്ചിരുന്നില്ല. എന്നാൽ വാടക കരാർ കാലാവധി അവസാനിച്ചതിനാൽ കെട്ടിട ഉടമ കെട്ടിടം ഒഴിയുന്നതിന് ആവശ്യപ്പെട്ടിരുന്നു. |
| (സി) | മാവേലിസ്റ്റോറുകൾ മാറ്റി സ്ഥാപിക്കുന്നതിന് പ്രത്യേക മാനദണ്ഡങ്ങൾ നിലവിലുണ്ടോ; ഉണ്ടെങ്കിൽ എന്തൊക്കെയാണെന്ന് വിശദമാക്കാമോ? | (സി) | പ്രത്യേക മാനദണ്ഡങ്ങൾ നിലവിലില്ല. |

സെക്ഷൻ ഓഫീസർ